"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ആര്യങ്കാവ് കോട്ടവാസൽ ഫോറസ്റ്റ് ചെക്ക്പോസ്റ്റിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ശ്രീ.ആൻസെൻ.എ, ബീറ്റ് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.321/2021/വനം തീയതി,തിരുവനന്തപുരം, 08/10/2021

---

പരാമർശം:-

1. വിജിലൻ സ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.11.2018-ലെ ഇ 22(പി.ഇ.1/18/എസ്.സി.ഇ) 20622/18 നമ്പർ കത്ത്.
2. 12.11.2020 ലെ സ.ഉ.(സാധാ) നം.280/2020/വനം ഉത്തരവ്.
3. സർ ക്കാരിന്റെ 28.01.2021-ലെ FWLD-A2/61/2020-FWLD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. വിജിലൻസ് വകുപ്പിന്റെ 23.09.2021 തീയതിയിലെ E4/113/2020 വിജി നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഫോറസ്റ്റ് ചെക്ക് പോസ്റ്റിലെ ജീവനക്കാർ കൈക്കൂലി വാങ്ങുന്നതായുള്ള വിവരശേഖരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾ വെളിച്ചത്ത് കൊണ്ടുവരുന്നതിലേക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് 21.01.2020ന് കോട്ടവാസലിലുള്ള ഫോറസ്റ്റ് ചെക്ക്പോസ്റ്റിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന കുടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.ആൻസെൻ.എ-യെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

ശ്രീ.ആൻസെൻ.എ, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് 1960 ലെ കേരള സിവിൽ സർ വ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ 1 5 പ്രകാരമുള്ള കഠിന ശിക്ഷക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക പരാമർശം (3) പ്രകാരം നൽകി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

03.09.2021-ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റി, SC 13/2020/KLM കേസിൽ

കുറ്റാരോപിതനായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എ.അൻസനെ ഇന്റർ സ്റ്റേറ്റ് ഫോറസ്റ്റ് ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകളിൽ നിയമിക്കരുത് എന്ന നിബന്ധനയോടുകൂടി സർവീസിൽ തിരികെ പ്രവേശിപ്പിക്കാൻ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സസ്പെൻഷൻ പുനഃ പരിശോധന കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ആൻസെൻ.എ-യെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇന്റർസ്റ്റേറ്റ് ഫോറസ്റ്റ് ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകളിൽ നിയമിക്കരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ടിയാന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ഡെപ്യൂട്ടിസെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം).

ശ്രീ.അൻസൻ.എ., ബീറ്റ് ഫോറസ്റ്റ് ഓഫീസർ.

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 08-10-2021 12:57:42
Reason: Approved

സെക്ഷൻ ഓഫീസർ